LIBRARY ARCHIVES Kerala Legislative Assembly

അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ സ്റ്റോക്കുവിവരം

*30 [90] ശ്രീ. തമ്പാനൂർ രവി:

" കെ. അച്ചുതൻ:

" എം. എ. ചന്ദ്രശേഖരൻ:

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്രമാത്രം അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവ സ്റ്റോക്കുണ്ട്;

(ബി) ഇത് എത്ര ദിവസത്തെ ആവശ്യത്തിനുണ്ടാകും;

(സി) ഇപ്പോൾ ഏതെല്ലാം ഗണത്തിൽപ്പെടുന്ന കാർഡുടമകൾക്ക് എത്ര വീതമാണ് മണ്ണെണ്ണ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇപ്പോൾ സംസ്ഥാനത്ത് റേഷൻ വ്യാപാരികളുടെ കൈവശമുള്ള അരി, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ സ്റ്റോക്ക് താഴെപ്പറയും പ്രകാരമാണ്.

അരി	മണ്ണെണ്ണ	പഞ്ചസാര
(19-6-2004-ൽ)	(30-5-2004-ൽ)	(30-5-2004-ൽ)
28,764 മെട്രിക് ടൺ	7268 കിലോ ലിറ്റർ	746 മെട്രിക് ടൺ

കൂടാതെ എഫ്.സി.ഐ. ഡിപ്പോകളിലെല്ലാംകൂടി പൊതുവിതരണത്തിനുൾപ്പെടെ 25-6-2004-ൽ 70501 മെട്രിക് ടൺ അരിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോകളിൽ റേഷനുൾപ്പെടെയുള്ള വിതരണത്തിനായി 19-6-2004-ൽ 5000 മെട്രിക് ടൺ പഞ്ചസാരയും സ്റ്റോക്കുണ്ട്.

(ബി) അരി രണ്ടാഴ്ചത്തെ വിതരണത്തിനും പഞ്ചസാര ജൂൺ മാസത്തെ വിതരണത്തിനും മതിയാകും. മണ്ണെണ്ണ ജൂൺ മാസത്തേയ്ക്ക് അനുവദിച്ച 22580 കിലോ ലിറ്റർ വ്യാപാരികൾ എടുത്തുകൊണ്ടിരിക്കുന്നു. ജൂൺ മാസത്തേക്ക് കാർഡുടമകൾക്ക് പൂർണ്ണമായും, പെർമിറ്റുടമകൾക്ക് ആവശ്യകതയുടെ 50%-ഉം വിതരണം ചെയ്യുന്നതിന് മാത്രമേ മതിയാവുകയുള്ളൂ.

(സി) വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് പ്രതിമാസം 2 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് പ്രതിമാസം 5 ലിറ്ററും മണ്ണെണ്ണ നൽകിവരുന്നു. കൂടാതെ പാചകാവശ്യത്തിനും മത്സ്യബന്ധനത്തിനും മറ്റ് സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള മണ്ണെണ്ണ പെർമിറ്റുകൾക്ക് അവയ്ക്ക് അനുവദിച്ചിട്ടുള്ള തോതിന്റെ 50% മണ്ണെണ്ണയും നൽകിവരുന്നു.